കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇന്ദിരാ ആവാസ് യോജന – തറ വിസ്തീർണ്ണം പരമാവധി 66$m^2$ ൽ നിന്നും 25% വരെ അധികരിക്കുന്നത് അംഗീകരിച്ച് പഞ്ചായത്തുകൾ നടപ്പാക്കുന്ന മുഴുവൻ ഭവന പദ്ധതികൾക്കും കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(കൈ)നം. 110/16/തസ്വഭവ തിരുവനന്തപുരം, തീയതി : 06.08.2016

പരാമർശം - 1.സ.ഉ.(കൈ)നം.2008/2016/തസ്വഭവ തീയതി 28-06-2016.

**ഉത്തരവ്**

ഇന്ദിരാ ആവാസ് യോജന പ്രകാരം 2013-14 വർഷം വരെ എഗ്രിമെന്റ് വച്ച് വീടുപണി പൂർത്തീകരിച്ചതും തറ വിസ്തൂർണ്ണം 66 ചതുരശ്ര മീറ്ററിലും അധികരിച്ചതുമായ ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് പരമാവധി 66 ചതുരശ്ര മീറ്ററിൽ നിന്നും 25% അധികരിക്കാമെന്ന നിബന്ധനയ്ക്ക് വിധേയമായി ശേഷിക്കുന്ന മുഴുവൻ തുകയും അനുവദിച്ചുകൊണ്ട് 31-3-2016 വരെ എഗ്രിമെന്റ് വച്ച ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾക്കു കൂടി ബാധകമാക്കി മേൽ പരാമർശം പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ പഞ്ചായത്ത് നടപ്പിലാക്കുന്ന ഇ.എം.എസ് ഭവന പദ്ധതി ഉൾപ്പെടെ പല പദ്ധതികൾക്കും ഇതിന്റെ ഗുണം ലഭിക്കില്ല എന്ന് പരാതിപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2013-14 വർഷം വരെ വീടുപണി പൂർത്തീകരിച്ചതും തറ വിസ്തീർണ്ണം 66 ചതുരശ്ര മീറ്ററിലും അധികരിച്ചതുമായ ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് പരമാവധി 66 ചതുരശ്ര മീറ്ററിൽ നിന്നും 25% അധികരിക്കാമെന്ന നിബന്ധനയ്ക്ക് വിധേയമായി ശേഷിക്കുന്ന മുഴുവൻ തുകയും അനുവദിച്ചു നൽകാമെന്ന് 31-3-2016 വരെ എഗ്രിമെന്റ് വച്ച ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾക്കും കൂടി അനുവദിച്ചു നൽകാമെന്ന മേൽ ഉത്തരവ്, ഇ.എം.എസ് ഭവന പദ്ധതി ഉൾപ്പെടെ പഞ്ചായത്തുകൾ നടപ്പാക്കുന്ന മുഴുവൻ ഭവന പദ്ധതികൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.കെ. മോഹനകുമാർ
ജോയിന്റ് സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി.ഡി) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ